(ബി) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലെ ഫാർമസിസ്റ്റുകളുടെ നിയമനങ്ങളെല്ലാംതന്നെ കരാറടിസ്ഥാനത്തിലുള്ളവയാണ്.

(സി) കാരുണ്യ ഫാർമസിയിൽ സേവനം അനുഷ്ഠിക്കുന്ന ഫാർമസിസ്റ്റുകളെ സ്ഥിരപ്പെടുത്തുന്നതിന് നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

പാലക്കാട് ജില്ലയിൽ കാൻസർ സെന്റർ

6(4289) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്ന പാലക്കാട് ജില്ലയിൽ കാൻസർ രോഗ ചികിത്സയ്ക്കായി നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; വിശദാംശം നൽകുമോ;

(ബി) ജില്ലയിലെ മെഡിക്കൽ കോളേജിനോട് ചേർന്ന് ആർ.സി.സി.-ക്ക് സമാനമായ ചികിത്സാ സൗകര്യം ഒരുക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുൻകൂർ കാൻസർ രോഗ നിർണ്ണയത്തിനും തുടർ ചികിത്സയ്ക്കുമായി ആർ.സി.സി.യുടെ ഉപകേന്ദ്രമായ ഒരു ഏർളി കാൻസർ ഡിറ്റക്ഷൻ സെന്റർ പാലക്കാട് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലാ കാൻസർ കെയർ പദ്ധതി പാലക്കാട് ജില്ലാ ആശുപത്രിയിൽ നിലവിലുണ്ട്. അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഫണ്ട് അനുവദിക്കുകയും കീമോതെറാപ്പി സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വടക്കൻ ജില്ലകളിലെ കാൻസർ രോഗബാധിതർക്ക് തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിലും കണ്ണൂർ പരിയാരം മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലും ചികിത്സാ സൗകര്യം ലഭ്യമാണ്.

(ബി) പാലക്കാട് മെഡിക്കൽ കോളേജ് പട്ടികജാതിക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലാണ്.

ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം

7(4290) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly